## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം: 1542

21/01/2014 ൽ
മറുപടിക്ക്

### കലാമണ്ഡലം കല്പിത സർവ്വകലാശാലയിലെ ജീവനക്കാരുടെ സമരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ രാധാകൃഷ്ണൻ | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) കലാമണ്ഡലം കല്പിത സർവ്വകലാശാലയിലെ ജീവനക്കാർ വിവിധങ്ങളായ ആവശ്യങ്ങൾ ഉന്നയിച്ച് സമരം നടത്തുവാൻ തീരുമാനിക്കുകയും സർക്കാർ ഇതു സംബന്ധിച്ച് ചർച്ച ചെയ്യാമെന്ന് സന്നദ്ധത അറിയിച്ചതിന്റെയടിസ്ഥാനത്തിൽ സമരം പിൻവലിക്കുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഈ വിഷയത്തിൽ സമരസംഘടനാ നേതാക്കളുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) & (സി) 30/11/2013 ന് കൂടിയ യോഗത്തിലെ തീരുമാനങ്ങളുടെ മിനിട്ട്സ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) പ്രസ്തുത ചർച്ചകളെത്തുടർന്ന് കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | |
| (ഡി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നറിയിക്കുമോ; | (ഡി) ജീവനക്കാർ നൽകിയിട്ടുള്ള റിട്ട് പെറ്റീഷൻ പിൻവലിക്കുകയും അക്കാദമിക് കൗൺസിൽ യോഗ മിനിട്ട്സിൽ ഒപ്പു വയ്ക്കുകയും ചെയ്യുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ ജീവനക്കാർ നൽകിയിട്ടുള്ള റിട്ട് പെറ്റീഷൻ നാളിതുവരെ പിൻവലിച്ചിട്ടില്ല. |
| (ഇ) സംഘടനാ നേതാക്കളുമായി നടത്തിയ ചർച്ചയുടെ തീരുമാനങ്ങൾ കാലതാമസമില്ലാതെ നടപ്പിലാക്കുമെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) സംഘടനാ നേതാക്കളുമായി നടത്തിയ ചർച്ചയുടെ ഭാഗമായി എടുത്ത തീരുമാനങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ചതിനു ശേഷം ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

**കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല സംയുക്ത സമരസമിതി പ്രതിനിധികളുമായി സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 30.11.2012 ന് വൈകിട്ട് 4.മണിക്ക് കൂടിയ യോഗത്തിലെ തീരുമാനങ്ങൾ**

സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ബഹു. എം.എൽ.എ ശ്രീ.കെ.രാധാകൃഷ്ണൻ, കലാമണ്ഡലം എക്സിക്യൂട്ടീവ് ബോർഡ് മെമ്പർ ശ്രീ.പന്തളം സുധാകരൻ, കലാമണ്ഡലം രജിസ്ട്രാർ ഡോ.കെ.കെ. സുന്ദരേശൻ എന്നിവരും അനുബന്ധമായി ഒപ്പിട്ട സമരസമിതി പ്രതിനിധികളും പങ്കെടുത്തു.

സംയുക്ത സമരസമിതിയുടെ ജനറൽ കൺവീനർ ആവശ്യങ്ങൾ അടങ്ങിയ നിവേദനം സമർപ്പിക്കുകയും അതിലെ പ്രധാന വിഷയങ്ങൾ സംബന്ധിച്ച് സംക്ഷിപ്തമായി വിവരിക്കുകയും ചെയ്തു. കലാമണ്ഡലം അദ്ധ്യാപകർക്ക് യു.ജി.സി. ആനുകൂല്യങ്ങൾ നൽകിയതിലെ അപാകതകൾ പരിഹരിക്കുക, കൂടുതൽ യു.ജി.സി. തസ്തികകൾ അനുവദിക്കുക, സാഹിത്യവിഭാഗത്തെ യു.ജി.സി. യിൽപ്പെടുത്തുക, അനദ്ധ്യാപകരെ റീഡസിഗ്നേറ്റ് ചെയ്ത് അർഹമായ പ്രൊമോഷൻ നൽകുക, 2 അദ്ധ്യാപക പ്രതിനിധികളെ കലാമണ്ഡലം എക്സിക്യൂട്ടീവിൽ ഉൾപ്പെടുത്തുക തുടങ്ങിയ നിവേദനത്തിലെ ആവശ്യങ്ങൾ ജനറൽ കൺവീനർ ഉന്നയിച്ചു. ടി ആവശ്യങ്ങളിന്മേൽ നിലവിലുള്ള ചട്ടങ്ങളും ഉത്തരവുകളും ആധാരമാക്കിയുള്ള കലാമണ്ഡലത്തിന്റെ നിലപാട് രജിസ്ട്രാറും യോഗത്തെ അറിയിച്ചു.

കലാമണ്ഡലത്തിലെ ജീവനക്കാർക്ക് പരാതിയിൽ ഉന്നയിക്കുന്ന പല വിഷയങ്ങൾക്കും ആധാരമാകുന്നത് കലാമണ്ഡലം ജീവനക്കാരുടെ സ്പെഷ്യൽ റൂൾ നിലവിൽ വരാത്തതും, ശമ്പള അനോമലി പരിഹരിക്കപ്പെടാത്തതുമാണെന്ന് ചർച്ചയിൽ ബോദ്ധ്യപ്പെട്ടു. കലാമണ്ഡലത്തിലെ ശമ്പള അനോമലി പരിഹരിക്കുന്നതു സംബന്ധിച്ചും, സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നത് സംബന്ധിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തിയ സ്പെഷ്യൽ ഓഫീസറായി ശ്രീ.ജി.കെ.സുകുമാരപിള്ളയുടെ റിപ്പോർട്ട് വൈകുന്നത് സംബന്ധിച്ചും ചർച്ച ചെയ്തു. ശ്രീ.ജി.കെ.സുകുമാരപിള്ളയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചെങ്കിലും അദ്ദേഹത്തിന്റെ യോഗ്യത സംബന്ധിച്ച് തർക്കം കൂടി ഉൾപ്പെട്ട ഒരു റിട്ട് പെറ്റീഷൻ ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്നതായി രജിസ്ട്രാർ അറിയിച്ചു. റിപ്പോർട്ട് അന്തിമഘട്ടത്തിലാണെന്നും കേസ് നിലനിൽക്കുന്നതാണ് റിപ്പോർട്ട് സമർപ്പിക്കുവാൻ വൈകുന്നതെന്നും യോഗത്തെ അറിയിച്ചു.

നിവേദനത്തിലെ എല്ലാ വിഷയങ്ങളും ചർച്ച ചെയ്യുകയും യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ സമ്മതപ്രകാരം താഴെപ്പറയുന്ന തീരുമാനങ്ങൾ അംഗീകരിക്കുകയും ചെയ്തു.

1. കലാമണ്ഡലം ജീവനക്കാരെ പ്രതിനിധീകരിച്ച് സംയുക്ത സമരസമിതി ബഹു. ഹൈക്കോടതിയിൽ നൽകിയ റിട്ട് പെറ്റീഷൻ പിൻവലിക്കുക.
2. അതിനെ തുടർന്ന് ശമ്പള അനോമലി പരിഹരിക്കുന്നതു സംബന്ധിച്ച ശ്രീ.ജി.കെ.സുകുമാരപിള്ളയുടെ റിപ്പോർട്ട് രണ്ടു മാസത്തിനുള്ളിൽ വ്യക്തമായ ശുപാർശയോടെ കലാമണ്ഡലം സർക്കാരിന് സമർപ്പിക്കുക.
3. സ്പെഷ്യൽ റൂളിന്റെ കരടും രണ്ടു മാസത്തിനുള്ളിൽ സമർപ്പിക്കുക.
4. യു.ജി.സി. പാറ്റേൺ നടപ്പിലാക്കാനുള്ള പ്രപ്പോസൽ കലാമണ്ഡലം പരിശോധിച്ച് സമർപ്പിക്കുക.
5. ചില വിഷയങ്ങളിൽ മൂന്ന് തസ്തികകൾക്ക് യു.ജി.സി. നൽകിയിട്ടില്ലാത്തത് സംബന്ധിച്ച് കലാമണ്ഡലം പരിശോധിച്ച് ഒരു മാസത്തിനകം സർക്കാരിന് റിപ്പോർട്ട് നൽകുക.
6. സ്പെഷ്യൽ റൂളിന്റെ അഭാവത്തിൽ 13 അദ്ധ്യാപക തസ്തികകളിൽ ഒഴിവുണ്ട്. ഇത് സംബന്ധിച്ച് റിപ്പോർട്ട് സർക്കാരിലേക്ക് രണ്ട് മാസത്തിനകം സ്പെഷ്യൽ റൂളിനൊപ്പം സമർപ്പിക്കുക.
7. സ്പെഷ്യൽ റൂളിന്റെ അഭാവത്തിൽ അനദ്ധ്യാപക തസ്തികകളിൽ ഒഴിവുണ്ട്. ഇത് സംബന്ധിച്ച് റിപ്പോർട്ട് സർക്കാരിലേക്ക് രണ്ട് മാസത്തിനകം സ്പെഷ്യൽ റൂളിനൊപ്പം സമർപ്പിക്കുക.
8. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വിശദമായ പ്രപ്പോസൽ സ്പെഷ്യൽ റൂളിൽ ചേർത്ത് സമർപ്പിക്കുക.
9. യു.ജി.സി. യുടെ പരിധിയിൽ വരാത്ത തസ്തികകളുടെ പ്രമോഷൻ സംബന്ധിച്ച് കലാമണ്ഡലം ഒരു മാസത്തിനകം തീരുമാനിക്കുക.
10. അദ്ധ്യാപകരെ റീഡസിഗ്നേറ്റ് ചെയ്യുന്നതു സംബന്ധിച്ചും അദ്ധ്യാപക പ്രതിനിധികളെ എക്സിക്യൂട്ടീവ് ബോർഡിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും സ്പെഷ്യൽ റൂൾ അംഗീകരിച്ചതിനു ശേഷം തീരുമാനിക്കുക.
11. കോ-ഓർഡിനേറ്ററെ വയ്ക്കുന്നത് യോഗ്യതയുടെ അടിസ്ഥാനത്തിലായിരിക്കണം.
12. അദ്ധ്യാപകരെ റീഡസിഗ്നേറ്റ് ചെയ്യുന്നതു സംബന്ധിച്ചും ലൈബ്രേറിയൻ തസ്തിക സംബന്ധിച്ചും ഉന്നയിച്ചിട്ടുള്ള മറ്റു വിഷയങ്ങൾ സംബന്ധിച്ചുമുള്ള റിപ്പോർട്ട് കലാമണ്ഡലം സർക്കാരിൽ സമർപ്പിക്കുക.
13. കലാമണ്ഡലത്തിലെ അക്കാദമിക്ക് കൗൺസിൽ യോഗത്തിൽ പങ്കെടുത്ത HoD മാർ യോഗ മിനിട്ട്സിൽ ഒപ്പിടുക.
14. HoD മാരുടെ ഗ്രേഡ് സംബന്ധിച്ച പ്രശ്നം കലാമണ്ഡലം പരിശോധിക്കണം.

യോഗം 5.30 മണിക്ക് അവസാനിച്ചു.

******************